LIBRARY ARCHIVES Kerala Legislative Assembly

ഐ. ടി. കയറ്റുമതി

49 (95) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഐ. ടി. കയറ്റുമതി 2006-ൽ എത്ര കോടി രൂപയായിരുന്നു ;

(ബി) ആയത് 2010-ൽ എത്ര കോടി രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു ;

(സി) ഐ. ടി. അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ കഴിഞ്ഞതുവഴി എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഈ സർക്കാരിന് കഴിഞ്ഞുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ടെക്നോപാർക്കിലും ഇൻഫോപാർക്കിലുമായി ഇപ്പോൾ ഏകദേശം 34,500 പേർ ജോലി ചെയ്യുന്നുണ്ട്.

പുതിയ ഐ. ടി. പാർക്കുകൾ

50 (96) ശ്രീ. എൻ. ശക്തൻ :

ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇനിയും ഐ. ടി. പാർക്കുകൾ ഇല്ലാത്ത ജില്ലകൾ ഉണ്ടോ ; എങ്കിൽ ഏതെല്ലാം ;

(ബി) പുതിയ ഐ. ടി. പാർക്കുകൾ തുടങ്ങുമ്പോൾ ഐ. ടി. പാർക്കുകൾ ഇല്ലാത്ത ജില്ലകൾക്ക് മുൻഗണന നൽകണമെന്ന നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) ഈ സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് ഏതൊക്കെ പുതിയ ഐ. ടി. പാർക്കുകൾ ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പത്തനംതിട്ട, കോട്ടയം, ഇടുക്കി, പാലക്കാട്, മലപ്പുറം, വയനാട് ജില്ലകൾ.

(ബി&സി) ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന ഐ.ടി.പാർക്കുകൾ കമ്മീഷൻ ചെയ്തതിനുശേഷം മാത്രമേ പുതിയ ഐ.ടി. പാർക്കുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത പുനരവലോകനം ചെയ്യുകയുള്ളൂ.